"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ അധികച്ചുമതല വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർക്ക് പരിവർത്തിതാവധി അനുവദിച്ചപ്പോൾ, പൂർണ്ണ അധികച്ചുമതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ)-യ്ക്ക് നല്കിയ ഗ്രാമ വികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1529/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 18.08.2020.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 29.01.2020-ലെ 38/എസ്റ്റാ.എ1/2020/സിആർഡി നമ്പർ നടപടിക്രമം.
2) ഗ്രാമവികസന കമ്മീഷണറുടെ 04.03.2020-ലെ 38/എസ്റ്റാ.എ1/2020/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ അധികച്ചുമതല വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ശ്രീ. ഫെയ്സി. എ-യ്ക്ക്, 01.02.2020 മുതൽ 29.02.2020 വരെ പരിവർത്തിതാവധി അനുവദിച്ചപ്പോൾ, തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ അധികച്ചുമതല ശ്രീമതി ശ്രീശുഭ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ)-യ്ക്കും, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ അധികച്ചുമതല ശ്രീമതി സലില. എസ്., അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യുഡി)-യ്ക്കും നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ അധികച്ചുമതല വഹിച്ചിരുന്ന ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർക്ക്, 01.02.2020 മുതൽ 29.02.2020 വരെ പരിവർത്തിതാവധി അനുവദിച്ചപ്പോൾ, തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ അധികച്ചുമതല ശ്രീമതി ശ്രീശുഭ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പിഎ)-യ്ക്കും, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ അധികച്ചുമതല ശ്രീമതി സലില. എസ്., അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യുഡി)-യ്ക്കും നല്കിയ ഗ്രാമ വികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബി.ശ്രീകല**
ഡെപ്യൂട്ടി സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ